US PROFILES



ജയന്ത് കാമിച്ചേരിൽ

emalayalee.com

കടൽകടന്നൊരു അക്കാഡമി അവാർഡ്

ജയന്ത് കാമിച്ചേരിൽ

◉ മീട്ടു റഹ്മത്ത് കലാം

കുമരകംകാരൻ എന്ന മലയാളം വാക്ക് കയ്യിൽ പച്ചകുത്തിയിരിക്കുന്ന ഒരാൾ എഴുതുന്നതും പറയുന്നതും ആ നാടിനെ കുറിച്ചാകുന്നതിൽ അതിശയിക്കാനില്ല. 'ഒരു കുമരകംകാരന്റെ കുരുത്തംകെട്ട ലിഖിതങ്ങൾ' എന്ന പുസ്തകത്തിലൂടെ ഹാസ്യ വിഭാഗത്തിനുള്ള ഈ വർഷത്തെ കേരള സാഹിത്യ അക്കാഡമി അവാർഡ് കരസ്ഥമാക്കിയ അമേരിക്കൻ മലയാളി എഴുത്തുകാരൻ ജയന്ത് കാമിച്ചേരിലിനെക്കുറിച്ചാണ് പറഞ്ഞുവരുന്നത്. അമേരിക്കയിലേക്ക് ജീവിതം പറിച്ചുനട്ട് കാൽ നൂറ്റാണ്ട് പിന്നിടുമ്പോഴും,അദ്ദേഹത്തിന്റെ ചിന്തകളിൽ ഇന്നും പച്ചപിടിച്ചുനിൽക്കുന്നത് കുമരകംകരയും അവിടത്തെ കപ്പയും കരിമീനും അന്തിക്കള്ളും നാട്ടുഭാഷയുമാണ്. ഓർമ്മയുടെ ആഴങ്ങളിലേക്ക് വല വീശിയും കായലോളങ്ങളോട് പടവെട്ടിയും കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന നാടൻ പദങ്ങൾ കണ്ടെടുത്ത് നർമ്മം മേമ്പൊടിയായി ചേർത്ത് പാകംചെയ്ത കാമിച്ചേരിലിന്റെ രചനകൾ, നാടിനും ഭാഷയ്ക്കുമുള്ള അർച്ചനയാണ്. പുരസ്കാരത്തിന്റെ നിറവിൽ പ്രിയ എഴുത്തുകാരൻ ഇ-മലയാളി വായനക്കാർക്കുമുന്നിൽ മനസുതുറക്കുന്നു...

ആദ്യകാലജീവിതം?

ബ്രിട്ടീഷ് ഈസ്റ്റ് ആഫ്രിക്കയിലാണ് ഞാൻ ജനിച്ചത്.കേരളത്തിൽ തൊഴിൽസാധ്യത കുറവായിരുന്നതുകൊണ്ടാകാം, പിതാവ് ജോലി തേടി ആഫ്രിക്കയ്ക്ക് പോയത്.എനിക്ക് എട്ട് വയസ്സുള്ളപ്പോഴാണ് മാതാപിതാക്കൾ കോട്ടയത്ത് കുമരകം എന്ന ജന്മനാട്ടിലേക്ക് മടങ്ങിയത്. മലയാളം വീട്ടിൽ സംസാരിക്കുമെന്നല്ലാതെ എഴുതാൻ അറിയില്ലായിരുന്നു. ട്യൂട്ടറെ വച്ചാണ് മലയാളം പഠിച്ചത്.കുമരകം വള്ളാറപ്പള്ളി പ്രൈമറി സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം.സർക്കാർ വക മിഡിൽ സ്കൂളിലായിരുന്നു തുടർപഠനം.കേരളത്തിൽ അക്കാലത്ത് സർക്കാർ സ്കൂളുകൾ ഇംഗ്ലീഷ് മീഡിയം

ആക്കുന്ന പരിപാടി വന്നപ്പോൾ രണ്ടുവർഷക്കാലം ഇംഗ്ലീഷ് പഠിക്കാൻ അവസരം ലഭിച്ചു.ഹൈസ്കൂൾ ആയപ്പോൾ വീണ്ടും മലയാളം മീഡിയമായി. തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിൽ നിന്ന് പ്രീഡിഗ്രി പൂർത്തിയാക്കിയശേഷം തൃശൂർ എഞ്ചിനീയറിംഗ് കോളജിൽ നിന്ന് കെമിക്കൽ എഞ്ചിനീയറിംഗ് ബിരുദം നേടി.പിന്നീട്, മദ്രാസ് ഐഐടി യിൽ നിന്ന് എംടെക്കിന് ചേർന്നു.



കുമരകംകാരൻ എന്ന് കയ്യിൽ പച്ചകുത്തിയിരിക്കുന്നു, ഇമെയിൽ വിലാസത്തിലും നാടിനോടുള്ള സ്നേഹം കിനിയുന്നു.അങ്ങനെയൊരാൾ അമേരിക്കയ്ക്ക് കുടിയേറാൻ ഉണ്ടായ സാഹചര്യം?

ആദ്യം ജോലി ചെയ്തിരുന്നത് കേരളത്തിൽ തന്നെയാണ്. അമേരിക്കൻ സ്വപ്നം ഉണ്ടായിരുന്നില്ല. യാദൃച്ഛികമായി അതങ്ങ് സംഭവിക്കുകയായിരുന്നു. എഫ് എ സി ടി യുടെ എഞ്ചിനീയറിംഗ് ഡിവിഷനായ ഫെഡോ യിൽ 12 വർഷം പ്രവർത്തിച്ചു. മുളകിന്റെ സത്തെടുത്ത് വിദേശത്തേക്ക് കയറ്റി അയയ്ക്കുന്ന ഒരു കമ്പനി കൊച്ചിയിൽ തുടങ്ങിയപ്പോൾ അവിടെ ചേർന്നു. ആ കാലയളവിൽ പല രാജ്യങ്ങൾ സന്ദർശിക്കാൻ അവസരം ലഭിച്ചു.ഞങ്ങൾക്കൊപ്പം ചേർന്ന് പ്രവർത്തിക്കാൻ ഒരു യൂറോപ്യൻ കമ്പനി ആഗ്രഹം പ്രകടിപ്പിച്ചത് വഴിത്തിരിവായി.അവർക്ക് അമേരിക്കയിൽ ഓഫീസുണ്ടെന്നും ഈ രംഗത്ത് പ്രവർത്തിപരിചയമുള്ള വ്യക്തി എന്ന നിലയിൽ കാര്യങ്ങൾ നോക്കിനടത്താൻ ഞാൻ അവിടെ ജോയിൻ ചെയ്യാമോ എന്ന് ചോദിക്കുകയും ചെയ്തു. A brown guy selling spices,how more authentic can we be എന്നാണ് അദ്ദേഹം പറഞ്ഞത്. സുഗന്ധവ്യഞ്ജനങ്ങളുടെ നാട്ടിൽ നിന്നുതന്നെ ഒരു തവിട്ടുനിറക്കാരൻ അത് വിൽക്കാൻ എത്തുമ്പോൾ അത് കൂടുതൽ വിശ്വാസയോഗ്യമായിരിക്കുമെന്നായിരുന്നു സായിപ്പിന്റെ ബുദ്ധിയിൽ തോന്നിയത്.

അങ്ങനെ 1997 ൽ വിസ്കോൺസിനിൽ എത്തി.പത്തുപന്ത്രണ്ടു വർഷം അവിടെ ജോലി ചെയ്തു.ഇപ്പോൾ പെൻസിൽവേനിയയിലാണ്.'ഞലമറശിഴ'എന്നാണ് പട്ടണത്തിന്റെ പേര്. റെഡിങ് എന്നാണ് ഉച്ചരിക്കുന്നത്.ആ പേരുള്ള സ്ഥലത്തിരുന്ന് 'writing' രസമാണ്.

നിലവിൽ ഇവിടുള്ള മൾട്ടിനാഷണൽ കമ്പനിയിൽ ഭക്ഷണപദാർത്ഥങ്ങളുടെ വില്പനവിഭാഗത്തിലാണ് പ്രവർത്തിക്കുന്നത്.ഉപയോക്താക്കളെ ചെന്നുകണ്ടാണ് കാര്യങ്ങൾ മനസിലാക്കിക്കൊടുക്കുന്നത്. ടെക്നിക്കൽ സെല്ലിങ് എന്നുപറയും. നാച്ചുറൽ പ്രിസർവേറ്റീവ്സ് ചേർത്ത് ഏത് ഭക്ഷണസാധനവും കൂടുതൽകാലം ഉപയോഗപ്രദമാക്കാനാണ് കമ്പനി ശ്രമിക്കുന്നത്. കൂടുതൽ ഇടപാടുകളും നോർത്ത് – ഈസ്റ്റിലും കാനഡയിലുമാണ്.

ഇമെയിൽ വിലാസം kumarakomkaran@yahoo.com എന്നാക്കിയതും ഉള്ളിലുള്ള കുസൃതിയും നാടിനോടുള്ള സ്നേഹവും കൊണ്ടുതന്നെയാണ്. കയ്യിൽ ആ പേര് പച്ചകുത്തിയതിന്റെ കാരണവും അതാണ്. മറ്റൊരു നാട്ടിൽ ജീവിച്ചാലും, ഉള്ളിൽ നിന്ന് ഒരിക്കലും നാടിനെ പറിച്ചെറിയുന്നില്ലല്ലോ.

എഴുത്തിൽ സജീവമായിട്ട് എത്ര കാലമായി? എന്തെങ്കിലും പ്രത്യേക അനുഭവമാണോ അതിലേക്ക് വഴിതെളിച്ചത്?

എഴുതാൻ തുടങ്ങിയിട്ട് 20 വർഷത്തോളമായി.ടൈപ് ചെയ്യാനുള്ള എളുപ്പം ഓർത്ത് ഇംഗ്ലീഷിലാണ് ആദ്യം എഴുതിയത്.കനേഡിയൻ മാസികകളിൽ പ്രസിദ്ധീകൃതമായ എന്റെ കഥകൾ മകളെ കാണിച്ചപ്പോൾ അവളാണ് നാടിന്റെ കഥ പറയാൻ മാതൃഭാഷയാണ് നല്ലതെന്ന് നിർദ്ദേശിച്ചത്. അന്ന് മിൽവോക്കിയിൽ ഒരു ലൈബ്രറി ഉണ്ടായിരുന്നു. അവിടെ പോയി കുറെ മലയാളം പുസ്തകങ്ങളൊക്കെ വായിച്ച് ഭാഷ കൂടുതൽ വഴക്കിയെടുത്തു. മറ്റൊരാൾ വിവർത്തനം ചെയ്താൽ ലോക്കൽ ഫ്ലേവർ നഷ്ടപ്പെടുമെന്നാണ് എന്റെ അഭിപ്രായം.അതുകൊണ്ട് ഞാൻ തന്നെ എന്റെ ഇംഗ്ലീഷ് കഥകൾ മലയാളത്തിലാക്കി.'മലയാളം പത്ര'ത്തിലാണ് തുടക്കകാലത്തെ രചനകൾ അച്ചടിച്ചുവന്നത്.റോയ് ജേക്കബ് എന്ന കോട്ടയംകാരനാണ് അത് നടത്തിയിരുന്നത്.അദ്ദേഹമാണ് എഴുതാൻ പ്രോത്സാഹിപ്പിച്ചത്. മകന്റെ ആകസ്മിക മരണം തീർത്ത ശൂന്യതയിൽ നിന്ന് കരകയറുക എന്നുള്ള ലക്ഷ്യത്തോടെ പിന്നീട് കുറെയധികം എഴുതി.ഓർക്കാപ്പുറത്ത് മട പൊട്ടിവീണ അവസ്ഥയായിരുന്നു. ചിലർ മദ്യത്തിലും ഡ്രഗ്സിലും അഭയം പ്രാപിക്കുന്നതുപോലെ,അവനെക്കുറിച്ചുള്ള ഓർമ്മകൾ എഴുതുന്നതാണ് എന്റെ മനസ്സിന് സാന്ത്വനം പകർന്നത്. പിന്നീട് മകന്റെ ഓരോ ചരമവാർഷികത്തിനും അവനൊരു കത്ത് എഴുതുന്നത് ശീലമായി. അതാത് വർഷങ്ങളിൽ നടന്നകാര്യങ്ങളും വിശേഷങ്ങളും,ദൂരെ ഒരിടത്തിരുന്ന് കാതോർക്കുന്ന മകനെ അറിയിക്കുന്ന രീതിയിലാണ് എഴുതിയത്. ആ കത്തുകൾ അച്ചടിച്ചുവന്നതോടെയാണ് എന്നിലൊരു എഴുത്തുകാരനുണ്ടെന്ന് പലരും പറഞ്ഞത്. കുട്ടികളെ നഷ്ടപ്പെട്ട മാതാപിതാക്കൾക്ക് എന്റെ അനുഭവങ്ങളും വികാരങ്ങളും അവരുടേതുമായി ചേർത്ത് വായിക്കാൻ പറ്റിയത് നല്ലകാര്യമായി തോന്നി.

നാട്ടിലെ എഴുത്തിടങ്ങളിലേക്ക് ചുവടുവച്ചത്?

ഇന്ത്യൻ എക്സ്പ്രസിന്റെ 'സമകാലിക മലയാളം വാരിക' യിലൂടെയാണ് നാട്ടിൽ ഒരു ഓപ്പണിങ് കിട്ടുന്നത്.അതിന്റെ പത്രാധിപരായ ജയചന്ദ്രൻ നായരും എന്നെ എഴുതാൻ ഒരുപാട് പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഇന്ത്യൻ എക്സ്പ്രസിന്റെ തന്നെ ഡൽഹിയിൽ നിന്നിറങ്ങുന്ന 'ഓപ്പൺ' എന്നുപേരുള്ള മാഗസിനിൽ ഇംഗ്ലീഷിലും എഴുതി.

അമേരിക്കൻ പ്രസിദ്ധീകരണങ്ങളിൽ എഴുതാറുണ്ടോ?

ഇന്ത്യ കറണ്ട്സ്,ഖബർ,വിസ്കോൺസിൻ ജേർണൽ തുടങ്ങിയ അമേരിക്കൻ മാസികകളിലും എന്റെ ലേഖനങ്ങൾ അച്ചടിച്ചുവന്നിട്ടുണ്ട്. ഇവിടെ തീം ബെയ്സ്ഡ് ആയി ആന്തോളജി പോലെ പുസ്തകങ്ങൾ ഇറങ്ങുന്നുണ്ട്. സ്വജീവിതത്തിലെ നൊമ്പരങ്ങളെ എങ്ങനെയാണ് ആളുകൾ നേരിട്ടത് എന്ന തീമിൽ ഇറക്കിയ 'സോളസ് ഇൻ സോ മെനി വേഡ്സ്' എന്ന പുസ്തകത്തിൽ, വലിയ എഴുത്തുകാരുടെ കവിതകൾക്കും കഥകൾക്കുമൊപ്പം മകനെക്കുറിച്ചുള്ള എന്റെ രണ്ട് ലേഖനങ്ങൾ അവർ തിരഞ്ഞെടുത്ത് പ്രസിദ്ധീകരിച്ചു. മരണവീടുകളിൽ പോകുമ്പോൾ അടുത്ത ബന്ധുക്കളെ സാന്ത്വനിപ്പിക്കാൻ ഇതിന്റെ കോപ്പി നൽകാറുണ്ട്.

'വേമ്പനാടൻ ബ്വാന'യിലൂടെയാണല്ലോ കൂടുതൽ ശ്രദ്ധിക്കപ്പെട്ടത്. ജീവസ്സുറ്റ അത്തരം കഥാപാത്രങ്ങളെ എങ്ങനെയാണ് സൃഷ്ടിച്ചത്?

കുമരകത്തെ ജീവിതത്തിൽ മനസ്സിൽ പതിഞ്ഞ ചില കഥാപാത്രങ്ങൾ കൂട്ടിയിണക്കിയാണ് 'വേമ്പനാടൻ ബ്വാന' രചിച്ചത്. ഈസ്റ്റ് ആഫ്രിക്കൻ ഭാഷയിൽ 'ബ്വാന' എന്നുള്ള പ്രയോഗം നമ്മുടെ നാട്ടിൽ 'മാഷേ' എന്നുള്ള വിളിക്ക് സമാനമാണ്.നാട്ടുകാർ അപ്പനെ അങ്ങനെയാണ് വിളിച്ചിരുന്നത്.അറുപതുകളുടെ തുടക്കവും പ്രേംനസീർ അടക്കിവാഴുന്ന സിനിമാക്കൊട്ടകകളും കാമരാജ് വിരുദ്ധ മുദ്രാവാക്യങ്ങളും എല്ലാം ഓർമ്മകളിൽ നിന്ന് ചികഞ്ഞെടുത്തതാണ്. അതിന്റെ അവതാരിക എഴുതിയ പി.എഫ്. മാത്യൂസിനും ഈ വർഷം ചെറുകഥാ വിഭാഗത്തിൽ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. കോട്ടയത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന തനതുഭാഷ പ്രയോഗിക്കുന്നതും നാട്ടിൻപുറത്തെ നർമ്മവുമാണ് എന്റെ കഥകളെ വേറിട്ട് നിർത്തുന്നതെന്നാണ് മാത്യൂസ് പറഞ്ഞിട്ടുള്ളത്.ലാറ്റിൻ കമ്മ്യൂണിറ്റിയിലെ പഴയ വാക്കുകൾ സ്വന്തം രചനകളിൽ ഉപയോഗിക്കാറുള്ള വ്യക്തിയാണ് അദ്ദേഹം.

ആരിൽ നിന്നാണ് ഈ നർമ്മബോധം കിട്ടിയിരിക്കുന്നത്?

അതിന്റെ വേർ തേടിപ്പോയിട്ടില്ല.എഞ്ചിനീയറിംഗിന് പഠിക്കുമ്പോൾ സുഹൃത്തുക്കളാണ് എനിക്ക് ഹ്യൂമർ സെൻസുണ്ടെന്ന് ആദ്യമായിട്ട് പറഞ്ഞത്. സൗഹൃദസദസ്സുകളിൽ എന്നെ കൂട്ടാൻ എല്ലാവർക്കും താല്പര്യമായിരുന്നു. സംസാരിക്കാനും പൊട്ടിച്ചിരിക്കാനും എല്ലാവർക്കും ഇഷ്ടമാണല്ലോ.

അപ്പനും അമ്മയ്ക്കും അപാര നിരീക്ഷണപാടവമായിരുന്നു.ആളുകളിലെ വിചിത്രമായ സ്വഭാവങ്ങളും സവിശേഷതകളും അപ്പാടെ ഒപ്പിയെടുത്ത് നർമ്മത്തിൽ ചാലിച്ച് അവതരിപ്പിക്കുമ്പോൾ കൗതുകത്തോടെ കേട്ടിരുന്ന് കുഞ്ഞുമനസ്സിൽ കഥകളുടെ വിത്തുകൾ പാകിയിട്ടതാകാം.വായനാശീലവും

ഉണ്ടായിരുന്നു. വേളൂർ കൃഷ്ണൻകുട്ടിയുടെ ചെറുകഥകൾ ചെറുപ്പത്തിൽ വായിച്ചിട്ടുണ്ട്.വേളൂരും കുമാരകവും തമ്മിൽ അധികദൂരം ഇല്ലാത്തതുകൊണ്ട് ആ എഴുത്തിലും നമുക്കൊരു അടുപ്പം ഫീൽ ചെയ്യും.ഉപബോധമനസ്സിൽ അദ്ദേഹത്തിന്റെ രചനകളുടെ സ്വാധീനം കിടപ്പുണ്ട്. അതുകൊണ്ടായിരിക്കാം,'ഓനന് സ്തുതി'എന്ന എന്റെ ലേഖനം തുടങ്ങുന്നതുപോലും ആംഗലേയഭാഷയിൽ 'ന'ഇല്ലാത്തതിന്റെ അപകടത്തെക്കുറിച്ചുള്ള വേളൂരിന്റെ തമാശയുമായാണ്. മതിലിൽ പതിപ്പിച്ച 'വനമഹോത്സവം' എന്ന പരസ്യം 'വാണമഹോത്സവം' എന്ന് തെറ്റിദ്ധരിക്കപ്പെട്ടതാണ് സംഭവം.

പേരിനൊപ്പം താങ്കളുടെ പ്രിയനാടിന്റെ പേര് ചേർത്തുവച്ച അമേരിക്കൻ മലയാളി എഴുത്തുകാരൻ ജോയൻ കുമരകത്തെ പരിചയമുണ്ടായിരുന്നോ?

അടുത്ത ബന്ധമായിരുന്നു.അമേരിക്കയിൽ വച്ച് ജോയനെ ഇടയ്ക്ക് നേരിൽ പോയി കാണുമായിരുന്നു.കുമരകത്ത് ഹൈസ്കൂളിന്റെ അടുത്ത്, ഞങ്ങൾ തെക്കുംഭാഗം എന്നു വിളിക്കുന്ന സ്ഥലത്തായിരുന്നു അദ്ദേഹത്തിന്റെ വീട്. എന്റെ കസിനും ജോയനും സഹപാഠികളായിരുന്നു.വ്യത്യസ്തമായ ശൈലിയുണ്ടെന്നും തുടർച്ചയായി എഴുതണമെന്ന് എന്നോട് എപ്പോഴും പറയുമായിരുന്നു. തമ്പി ആന്റണി നടത്തുന്ന ഓൾഡ് എയ്ജ് ഹോമിൽ അവസാനകാലത്ത് ഏകനായിക്കഴിയുമ്പോഴും ഞങ്ങൾ ഫോണിൽ സംസാരിക്കുമായിരുന്നു.

പുസ്തകങ്ങൾ,പുരസ്കാരങ്ങൾ?

കുമരകത്ത് ഒരു പെസഹ, ഒരു കുമാരകംകാരന്റെ കുരുത്തംകെട്ട ലിഖിതങ്ങൾ എന്നീ പുസ്തകങ്ങൾ ഗ്രീൻ ബുക്ക്സും വേമ്പനാടൻ ബ്ധാന മാതൃഭൂമി ബുക്സുമാണ് പ്രസിദ്ധീകരിച്ചത്. ലിറ്ററി അസ്സോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (കേരള)യുടെ അവാർഡ്,മലയാളി അസോസിയേഷൻ ഓഫ് മെരിലാൻഡിന്റെ ഗ്ലോബൽ ലിറ്ററി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.പ്രൊഫഷനുമായി ബന്ധപ്പെട്ട് നോക്കിയാൽ 2006 ൽ സെയിൽസ് അച്ചീവർ ഓഫ് ദി ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ, ഹാസ്യവിഭാഗത്തിൽ കേരള സാഹിത്യ അക്കാഡമി അവാർഡും അക്കൂട്ടത്തിൽ തലയെടുപ്പോടെ നിൽക്കുന്നു.

അവാർഡ് വാർത്ത അറിഞ്ഞ നിമിഷം എന്തുതോന്നി?

നാട്ടിലുള്ള അനിയനാണ് അവാർഡ് വാർത്ത വിളിച്ചുപറഞ്ഞത്.എന്തെങ്കിലും പിഴവ് സംഭവിച്ചതായിരിക്കുമെന്നാണ് ആദ്യം കരുതിയത്. അവാർഡ് ലഭിക്കാൻ അർഹതയുള്ള എഴുത്തുകാരനായി ഞാൻ എന്നെ അംഗീകരിച്ചിരുന്നില്ല.എഴുത്തുകാരി റോസ്മേരിയെ വിളിച്ചാണ് അവാർഡ് വാർത്ത സ്ഥിരീകരിച്ചത്.അപ്പോഴേക്കും വാട്സാപ്പിലൂടെ അഭിനന്ദനസന്ദേശങ്ങൾ എത്തിത്തുടങ്ങി.അംഗീകരിക്കപ്പെടുന്നത് സന്തോഷമുള്ള കാര്യം തന്നെയാണ്. എത്രയോ പ്രഗത്ഭമതികളായ വ്യക്തികൾ, ആരുമറിയാതെ മണ്മറഞ്ഞു പോയിട്ടുണ്ട്.

അമേരിക്കൻ മലയാളികളുടെ രചനകൾക്ക് അർഹിക്കുന്ന അംഗീകാരം ലഭിക്കുന്നില്ലെന്ന് കാലങ്ങളായി പരാതിയുണ്ടല്ലോ, മാറ്റത്തിന്റെ ശംഖുനാദമായി ഇതിനെ കണക്കാക്കാമോ?

അങ്ങനെയാകട്ടെ എന്ന് ആഗ്രഹിക്കുന്നു. 'Heard melodies are sweet, those unheard are sweeter'എന്ന് പറയുമല്ലോ.അങ്ങനെ നോക്കുമ്പോൾ, ഒരു കലാകാരന്റെ മാറ്റ് പുരസ്കാരങ്ങൾ ലഭിക്കുന്നതിലൂടെ കൂടുകയോ കുറയുകയോ ചെയ്യുന്നില്ല.അംഗീകരിക്കപ്പെടാത്തവർ അമേരിക്കയിലും കാണും, നാട്ടിലും കാണും. അവാർഡ് ലഭിച്ചു എന്നറിയുമ്പോൾ നമുക്കും നമ്മളോട് അടുപ്പമുള്ള

വർക്കും നമ്മുടെ വായനക്കാർക്കും സന്തോഷം തോന്നും. എഴുത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ പുരസ്കാരങ്ങൾ ഉപകാരപ്പെടും. എഴുതുക എന്നത് ശ്രമകരമായ ഒരു ജോലിയാണ്. ആ കഷ്ടപ്പാടിന് എന്തെങ്കിലും അർത്ഥം ഉണ്ടാവുകയാണല്ലോ. പ്രൊഫഷനുമായി ബന്ധപ്പെട്ട് ഔന്നത്യത്തിൽ എത്തുന്നതിനേക്കാൾ കൂടുതൽ പ്രശസ്തിയും പേരും ആളുകളുടെ സ്നേഹവും ഇതിലൂടെ ലഭിക്കുമെന്നൊരു ഗുണവുമുണ്ട്. പോരാത്തതിന് നാടിനും നാട്ടുകാർക്കും അതൊരു അഭിമാനമാകുമല്ലോ.

മനസ്സിനോട് ചേർന്ന് നിൽക്കുന്ന അഭിനന്ദനം?

ഉണ്ണി.ആർ എന്ന എഴുത്തുകാരനെ പരിചയമുണ്ട്.അദ്ദേഹത്തിന്റെ 'ലീല' എനിക്ക് ഇഷ്ടപ്പെട്ട പുസ്തകങ്ങളിൽ ഒന്നാണ്.ഒരു രസത്തിന് ഞാൻ അത് ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തിരുന്നു.ഇപ്പോൾ അവാർഡിന് അർഹമായ പുസ്തകം അയച്ചുകൊടുത്തിട്ട് സമയം പോലെ മൂന്നോ നാലോ കഥകൾ ഒന്ന് വായിച്ചുനോക്കണമെന്ന് ഞാൻ ഒരിക്കൽ പറഞ്ഞിരുന്നു.തിരക്കുള്ള ഒരാളുടെ സമയം മിനക്കെടുത്തേണ്ട എന്നുകരുതിയാണ് മുഴുവൻ വായിക്കാൻ ആവശ്യപ്പെടാതിരുന്നത്. എന്നാൽ,എന്നെ ഞെട്ടിച്ചുകൊണ്ട് അദ്ദേഹം ആ പുസ്തകം മുഴുവൻ വായിച്ച് നല്ല അഭിപ്രായം വിളിച്ചറിയിക്കുകയും ചെയ്തു. കടലായ കടലെല്ലാം നീന്തി അമേരിക്കയിലെത്താൻ കെൽപ്പുള്ളവരാണ് കുമാരകംകാർ എന്നും തുഴച്ചിലിന്റെ ആ കൈക്കരുത്ത് എന്റെ എഴുത്തിൽ പ്രകടമാണെന്നും ഉണ്ണിയുടെ നാവിൽ

ജയന്തിന് സാഹിത്യഅക്കാദമി പുരസ്കാരം

'കുരുത്തംകെട്ടത്' എഴുതി; ആ പുസ്തകത്തിൽ

സിബി ജോർജ്

കുമരകം

അക്കരെയാണെന്റെ താമസം, ഇക്കരെയാണെന്റെ മാനസം എന്ന പാട്ടിലെ വരികൾ പോലെയാണ് ജയന്ത് കാമിച്ചേരിയുടെ പ്രവാസജീവിതം.

എഴുതുന്നതെല്ലാം നാടിനെക്കുറിച്ച്. അമേരിക്കൻ ജീവിതം കാൽനൂറ്റാണ്ട് പിന്നിട്ടെങ്കിലും സ്വന്തം നാടായ കുമരകം ടച്ച് വിടാൻ ഒരുക്കമല്ല. ഫൊക്കാനയുടെയടക്കം സാഹിത്യപുരസ്കാരം നേടിയ അദ്ദേഹം നാടിനെ കുറിച്ച് തന്റേതായ ഭാഷയിൽ ഇങ്ങനെ എഴുതി– 'ഒരു കുമരകംകാരന്റെ കുരുത്തംകെട്ട ലിഖിതങ്ങൾ'. നർമത്തിൽ ചാലിച്ച കൃതിക്ക് ഇപ്പോൾ കേരള സാഹിത്യ അക്കാദമിയുടെയും അംഗീകാരം. ഹാസസാഹിത്യ വിഭാഗത്തിൽ 2022ലെ പുരസ്കാരമാണ് ജയന്ത് കാമിച്ചേരിയുടെ 'ഒരു കുമരകംകാരന്റെ കുരുത്തംകെട്ട ലിഖിതങ്ങൾ ' നേടിയത്.

'കടലായ കടലെല്ലാം നീന്തി അമേരിക്കയിലെത്താൻ കെൽപ്പുള്ളവരാണ് കുമരകംകാർ, തുഴച്ചിലിന്റെ ആ കൈക്കരുത്ത് എഴുത്തിലുള്ള ജയന്ത് കാമിച്ചേരിയെ വായിക്കുമ്പോൾ കുമരകംകാരനെ കാണാം. ഒരു കുപ്പി അന്തിക്കള്ളിന്റെ ഇച്ചിരി മുച്ചും രസവും വാക്കുകളിൽ തൊട്ട ഈ എഴുത്ത് മറ്റൊരു കോട്ടയംകാരനായ എന്നെ സന്തോഷിപ്പിക്കുന്നു' – കഥാകൃത്തായ ഉണ്ണി ആറിന്റെ അഭിപ്രായം പുസ്തകത്തിലുണ്ട്. കുമരകത്ത് ഒരു പെസഹ, വേമ്പനാടൻ ബ്യാന എന്നീ പുസ്തകങ്ങളും ജയന്തിന്റേതായി പുറത്തിറങ്ങി. ജെപി കാമിച്ചേരിയുടെയും മേരിയുടെയും മകനായ ഇദ്ദേഹം ആഫ്രിക്കൻ രാജ്യമായ ടാൻസാനിയയിലാണ് ജനിച്ചത്. പഠനം പക്ഷെ നാട്ടുമ്പുറത്തെ സർക്കാർ വിദ്യാലയമായ കുമരകം ഗവ. സ്കൂളിലായിരുന്നു. തൃശൂർ എൻജിനിയറിങ് കോളേജിൽനിന്ന് കെമിക്കൽ എൻജിനിയറിങ് പാസായശേഷം എഫ്എസിടിയിൽ ജോലി ചെയ്തു. പിന്നീട് അമേരിക്കയിലേക്ക് കുടിയേറി. ഇപ്പോൾ പെൻസിൽവാനിയയിൽ താമസം. കഴിഞ്ഞ ഡിസംബറിൽ നാട്ടിലെത്തിയിരുന്നെന്ന് കുമരകത്തുള്ള സഹോദരൻ അനിയൻ കാമിച്ചേരി പറഞ്ഞു. അനിതയാണ് ഭാര്യ. ഏക മകൾ അലോക. 23ാം വയസ്സിൽ മരിച്ച ഏക മകന്റെ ഓർമകളാണ് ജയന്തിനെ എഴുത്തിലേക്ക് കൂടുതൽ അടുപ്പിച്ചതെന്നും സഹോദരൻ പറഞ്ഞു.

ജയന്ത് കാമിച്ചേരി സംവിധായകൻ സത്യൻ അന്തിക്കാടിനൊപ്പം

ഒരു കുമരകംകാരന്റെ കുരുത്തംകെട്ട ലിഖിതങ്ങൾ

പുരസ്കാരം ലഭിച്ച പുസ്തകത്തിന്റെ പുറംചട്ട

ദേശാഭിമാനി Sat, 01 July 2023 https://epaper.deshabhimani.com/c/72822665

നിന്ന് കേട്ടപ്പോൾ മനസ്സിലൊരു കുളിർമഴ പെയ്തിറങ്ങി.

മലയാറ്റൂരിന്റെയും എം.മുകുന്ദന്റെയും എം.ടിയുടെയും മറ്റു പ്രമുഖരുടെയും ആദ്യകാല പുസ്തകങ്ങൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിട്ടുള്ള പ്രേമ ജയകുമാർ, നാട്ടിൽ നിന്ന് വിളിച്ച് എന്റെ എഴുത്തിനെ അഭിനന്ദിച്ചു. മലയാളത്തിൽ വലിയ പദസമ്പത്തൊന്നുമില്ലെങ്കിലും,കാലഹരണപ്പെട്ടുതുടങ്ങിയ ചില നാടൻ വാക്കുകളും പ്രയോഗങ്ങളും എന്റെ കഥകളിൽ കാണാൻ പറ്റി എന്നാണ് അവർ പറഞ്ഞത്. ഇംഗ്ലീഷിൽ തന്നെ നിന്നാൽ മതിയോ,മലയാളത്തിൽ തുടരണോ എന്നുള്ള ആശങ്ക മാറാൻ ആ വാക്കുകൾ സഹായകമായി. എഴുത്തിന്റെ ക്രാഫ്റ്റുമായി ബന്ധപ്പെട്ട് ധാരാളം നിർദ്ദേശങ്ങളും വിലപ്പെട്ട ഉപദേശങ്ങളും അവർ നൽകിയിട്ടുണ്ട്.

കുടുംബം?

മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല.ഞങ്ങൾ അഞ്ച് ആണും ഒരു പെണ്ണുമാണ്.അതിൽ അനിയൻ മാത്രമേ നാട്ടിലുള്ളു. മൂത്തയാൾ മരിച്ചുപോയി,രണ്ടാമത്തെയാൾ കാനഡയിൽ,മൂന്നാമത്തേത് സഹോദരിയാണ്. ചേച്ചി കാലിഫോർണിയയിലാണ് താമസം.നാലാമത്തെ ചേട്ടൻ ബാംഗ്ലൂരിലാണ്. ഭാര്യ അനിത നമ്പൂതിരി കോട്ടയം കുറിച്ചിത്താനം സ്വദേശിനിയാണ്. ഞങ്ങൾ ഇരുവരും പുനർവിവാഹിതരാണ്. എന്റെ മകൾ അലോക വിവാഹം കഴിഞ്ഞ് ടെക്സസിലെ ഹ്യൂസ്റ്റണിലാണ് താമസം.മരുമകൻ നവീൻ,അവർക്ക് മൂന്നുമക്കളുണ്ട്. അനിതയുടെ മകൾ ശ്രീല ഇപ്പോൾ മെഡിസിൻ പഠിച്ച്, റെസിഡൻസി ചെയ്യുന്നു.